



എ.വൈ.ആര്‍

സൂറ-19

# മര്‍യം

42. ഇബ്‌റാഹീം സ്വപിതാവിനോടോതിയ തോര്‍ക്കുക: പ്രിയ പിതാവേ, കേള്‍ക്കാനും കാണാനും കഴിവില്ലാത്തതും അങ്ങേക്ക് ഒരു പ്രയോജനവും ചെയ്യാനാവാത്തതു മായതിനെ ആരാധിക്കുന്നതെന്തിന്?

إِذْ قَالَ لِأَبِيهِ يَـٰٓأَبَتِ لِمَ تَعْبُدُ مَا لَا يَسْمَعُ وَلَا يُبْصِرُ وَلَا يُغْنِى عَنكَ شَيْـًٔا ﴿٤٢﴾

43. പ്രിയ പിതാവേ, അങ്ങേക്കു ലഭിച്ചിട്ടില്ലാത്ത ഒരു ജ്ഞാനം എനിക്കു ലഭിച്ചിരിക്കുന്നു. ആകയാല്‍ അങ്ങ് എന്നെ പിന്തുടര്‍ന്നാലും. ഞാന്‍ അങ്ങയെ നേര്‍വഴിക്കു നയിക്കാം.

يَـٰٓأَبَتِ إِنِّى قَدْ جَآءَنِى مِنَ ٱلْعِلْمِ مَا لَمْ يَأْتِكَ فَٱتَّبِعْنِىٓ أَهْدِكَ صِرَٰطًا سَوِيًّا ﴿٤٣﴾

44. പ്രിയ പിതാവേ, അങ്ങ് ചെകുത്താന്ന് വഴിപ്പെടാതിരുന്നാലും. ചെകുത്താന്‍ കരുണാമയനായ അല്ലാഹുവിനെ ധിക്കരിച്ചവനാകുന്നു.

يَـٰٓأَبَتِ لَا تَعْبُدِ ٱلشَّيْطَـٰنَ ۖ إِنَّ ٱلشَّيْطَـٰنَ كَانَ لِلرَّحْمَـٰنِ عَصِيًّا ﴿٤٤﴾

45. പ്രിയ പിതാവേ, കരുണാമയനായ അല്ലാഹുവിന്റെ ശിക്ഷ അങ്ങയെ ബാധിക്കുമെന്നും അങ്ങനെ അങ്ങ് ചെകുത്താന്റെ കൂട്ടാളിയായിത്തീരുമെന്നും ഞാന്‍ ഭയപ്പെടുന്നു.

يَـٰٓأَبَتِ إِنِّىٓ أَخَافُ أَن يَمَسَّكَ عَذَابٌ مِّنَ ٱلرَّحْمَـٰنِ فَتَكُونَ لِلشَّيْطَـٰنِ وَلِيًّا ﴿٤٥﴾

46. പിതാവ് ക്ഷോഭിച്ചു: ഹേ, ഇബ്‌റാഹീം, നീ എന്റെ ദൈവങ്ങളില്‍ അതൃപ്തനാണെന്നോ? ഈ നിലപാടില്‍നിന്നു വിരമിച്ചില്ലെങ്കില്‍ തീര്‍ച്ചയായും ഞാന്‍ നിന്നെ എറിഞ്ഞോടിക്കും. നീ എന്നെന്നേക്കുമായി എന്നെ വിട്ടു പൊയ്‌ക്കൊള്ളണം.

قَالَ أَرَاغِبٌ أَنتَ عَنْ ءَالِهَتِى يَـٰٓإِبْرَٰهِيمُ ۖ لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ ۖ وَٱهْجُرْنِى مَلِيًّا ﴿٤٦﴾

47. ഇബ്‌റാഹീം പറഞ്ഞു: അങ്ങേക്കു സലാം! അങ്ങേക്കു മാപ്പു നല്‍കാന്‍ ഞാനെന്റെ വിധാതാവിനോടു പ്രാര്‍ഥിക്കാം അവന്‍ എന്നോട് ഏറെ കനിവുള്ളവനാകുന്നു.

قَالَ سَلَـٰمٌ عَلَيْكَ ۖ سَأَسْتَغْفِرُ لَكَ رَبِّىٓ ۖ إِنَّهُۥ كَانَ بِى حَفِيًّا ﴿٤٧﴾

إِذْ قَالَ = അവന്‍ പറഞ്ഞത്(ഇബ്‌റാഹീം ഓതിയതോര്‍ക്കുക) لِأَبِيهِ = തന്റെ പിതാവിനോട് يَـٰٓأَبَتِ = എന്റെ പ്രിയ പിതാവേ
لِمَ تَعْبُدُ = അങ്ങ് ആരാധിക്കുന്നതെന്തിന്
مَا لَا يَسْمَعُ وَلَا يُبْصِرُ = കേള്‍ക്കാത്തതിനെയും കാണാത്തതിനെയും(കേള്‍ക്കാനോ കാണാനോ കഴിവില്ലാത്തതും)
وَلَا يُغْنِى عَنكَ شَيْـًٔا = അങ്ങേക്ക് യാതൊരു പ്രയോജനവും ചെയ്യാനാവാത്തതുമായ വസ്തുക്കളെ

يَاأَبَتِ = എന്റെ പ്രിയ പിതാവേ إِنِّى قَدْ جَاءَنِى = തീർച്ചയായും എനിക്കുവന്നു, (ലഭിച്ചിരിക്കുന്നു)
مِنَ الْعِلْمِ = ജ്ഞാനത്തിൽനിന്ന് (ഒരു ജ്ഞാനം)
مَا لَمْ يَأْتِكَ = വന്നിട്ടില്ലാത്ത (അങ്ങേക്കു ലഭിച്ചിട്ടില്ലാത്ത) فَاتَّبِعْنِى = ആകയാൽ എന്നെ പിന്തുടരുക
أَهْدِكَ = ഞാൻ അങ്ങയെ നയിക്കാം صِرَاطًا سَوِيًّا = നേരായ മാർഗത്തിൽ يَاأَبَتِ = എന്റെ പ്രിയപിതാവേ
لَا تَعْبُدِ الشَّيْطَانَ = അങ്ങ് ചെകുത്താനെ ആരാധിക്കരുത് (വഴിപ്പെടാതിരുന്നാലും)
إِنَّ الشَّيْطَانَ = തീർച്ചയായും ചെകുത്താൻ
كَانَ لِلرَّحْمَانِ عَصِيًّا = കരുണാമയനോട് ധിക്കാരിയായി (കരുണാമയനായ അല്ലാഹുവിനെ ധിക്കരിച്ചവനാകുന്നു)
يَاأَبَتِ إِنِّى أَخَافُ = പ്രിയ പിതാവേ, ഞാൻ ഭയപ്പെടുന്നു أَن يَمَسَّكَ = അങ്ങയെ സ്പർശി(ബാധി)ക്കുമെന്ന്
عَذَابٌ مِّنَ الرَّحْمَانِ = കരുണാമയ(നായ അല്ലാഹുവി)ന്റെ ശിക്ഷ فَتَكُونَ = അങ്ങനെ അങ്ങ് ആയിത്തീരുമെന്നും
لِلشَّيْطَانِ وَلِيًّا = ചെകുത്താന്റെ മിത്രം (കൂട്ടാളി) قَالَ = അവൻ പറഞ്ഞു (പിതാവ് ക്ഷോഭിച്ചു)
أَرَاغِبٌ أَنتَ عَنْ ءَالِهَتِى = നീ എന്റെ ദൈവങ്ങളിൽ താൽപര്യമില്ലാത്തവനാണോ, (അതൃപ്തനാണെന്നോ)
يَاإِبْرَاهِيمُ = ഹേ, ഇബ്റാഹീമേ لَئِن لَّمْ تَنتَهِ = (ഈ നിലപാടിൽനിന്ന്) നീ വിരമിച്ചില്ലെങ്കിൽ
لَأَرْجُمَنَّكَ = നിന്നെ ഞാൻ തീർച്ചയായും എറിഞ്ഞോടിക്കും وَاهْجُرْنِى = നീ എന്നെ വെടിഞ്ഞു(വിട്ടു) പൊയ്ക്കൊള്ളണം
مَلِيًّا = എന്നെന്നേക്കുമായി قَالَ = അവൻ(ഇബ്റാഹീം) പറഞ്ഞു سَلَامٌ عَلَيْكَ = അങ്ങേക്കു സമാധാനമുണ്ടാകട്ടെ
سَأَسْتَغْفِرُ لَكَ = ഞാൻ അങ്ങേക്ക് മാപ്പ് തേടാം (മാപ്പ് നൽകാൻ പ്രാർഥിക്കാം) رَبِّى = എന്റെ വിധാതാവിനോട്
إِنَّهُ كَانَ بِى = തീർച്ചയായും എന്നോട് അവൻ ആയി(ആകുന്നു) حَفِيًّا = ഏറെ കനിവുള്ളവൻ

**42-45.** ഇബ്റാഹീം നബി പ്രബോധനം ചെയ്ത അടിസ്ഥാന സന്ദേശമാണ് ഈ സൂക്തങ്ങളിൽ പറയുന്നത്. സ്വപിതാവിനെയാണ് അദ്ദേഹം ആദ്യം പ്രബോധനം ചെയ്യുന്നത്. പ്രവാചകന്മാരുടെ സാധാരണ സമ്പ്രദായമാണ് പ്രബോധനം സ്വകുടുംബത്തിൽ നിന്നാരംഭിക്കുക എന്നത്. മുഹമ്മദ് നബിയും ആദ്യം സംബോധന ചെയ്തത് കുടുംബാംഗങ്ങളെയായിരുന്നു. കുടുംബത്തെ പാട്ടിനുവിട്ട് ജനങ്ങളെ നന്നാക്കാനിറങ്ങുക പ്രവാചകന്മാരുടെ രീതിയായിരുന്നില്ല. ഖുറൈശികളുടെ പൈതൃകാഭിമാനത്തിന്റെ പശ്ചാത്തലത്തിൽ ഇവിടെ ഇബ്റാഹീം നബിയുടെ പിതാവിനോടുള്ള പ്രബോധനം പരാമർശിക്കുന്നതിന് ഇങ്ങനെയൊരു ധ്വനിയും കൂടിയുണ്ട്. എല്ലാ പൂർവ പാരമ്പര്യങ്ങളും മഹത്തരങ്ങളോ അനുകരണീയമോ അല്ല. ചില പാരമ്പര്യങ്ങളെ ചോദ്യം ചെയ്യുന്നതിലൂടെയും തിരുത്തുന്നതിലൂടെയുമാണ് ആളുകൾ മഹത്വമുള്ളവരാകുന്നത്. ഇബ്റാഹീം നബി മഹാനാവുന്നത് സ്വന്തം പാരമ്പര്യം ചോദ്യം ചെയ്തുകൊണ്ടാണ്. തൊട്ടുമുമ്പുള്ള പിതാക്കളുടേതിനുപകരം നൂഹ് നബിയുടെ പാരമ്പര്യമാണദ്ദേഹം മുന്നോട്ടുവെക്കുന്നത്. ഖുറൈശികൾ വേണ്ടത് തൊട്ടുമുമ്പുള്ള പൂർവികരുടെ പാരമ്പര്യം വെടിഞ്ഞ് ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും പാരമ്പര്യം സ്വീകരിക്കുകയാണ്. أَبِي (എന്റെ പിതാവ്) യിലെ ياء നെ تاء ആക്കി മാറ്റിയതാണ് أبتِ. മകനെ വാത്സല്യത്തോടെ بني (കുഞ്ഞുമകൻ) എന്നു സംബോധന ചെയ്യുന്നതുപോലെ പിതാക്കളെ സ്നേഹാദരവോടെ സംബോധന ചെയ്യുന്ന രൂപമാണ് أبتِ. പ്രിയ പിതാവേ, വന്ദ്യപിതാവേ എന്നൊക്കെയാണർഥം. ഈ നാലു സൂക്തങ്ങളിലും يا أبت എന്ന സംബോധന ആവർത്തിച്ചതിൽ ഒരു പുത്രധർമവും ഒരു പ്രബോധന മര്യാദയും അടങ്ങിയിരിക്കുന്നു. പിതാവ് കൊടിയ കാഫിറും മുശ്രിക്കുമാണെങ്കിലും വിശ്വാസികളായ മക്കൾ അവരെ സ്നേഹബഹുമാനങ്ങളോടെ മാത്രമേ സംബോധന ചെയ്യാവൂ എന്നതാണ് പുത്രധർമം. ശിർക്കും കുഫ്റും ഒരു പിതാവിനെ പിതാവല്ലാതാക്കുന്നില്ല. പുത്രന്റെ സത്യവിശ്വാസം അയാളെ പുത്രധർമത്തിൽനിന്ന് മുക്തനാക്കുന്നുമില്ല. ഖുർആൻ 3:15 സൂക്തത്തിൽ മാതാപിതാക്കൾ വിഗ്രഹാരാധനക്ക് സമ്മർദം ചെലുത്തിയാൽ വഴങ്ങരുതെന്ന് കൽപ്പിക്കുന്നതോടൊപ്പം ഭൗതിക ജീവിതത്തിൽ അവരോട് മാന്യമായി സഹവസിക്കണമെന്നും കൽപ്പിക്കുന്നുണ്ട്. يا أبت എന്ന സംബോധനയിൽ ഇബ്റാഹീം നബിക്ക് പിതാവിനോടുള്ള ബഹുമാനവും സ്നേഹോഷ്മളതയും മാത്രമല്ല, പ്രബോധിതരോട് അദ്ദേഹം പാലിക്കുന്ന മര്യാദയും പ്രകാശിക്കുന്നു. ഈ ഒടുവിൽ പറഞ്ഞ കാര്യം എല്ലാ ദീനീപ്രബോധകരും തങ്ങളുടെ പ്രബോധിതരോട് പാലിക്കേണ്ടതാണ്. താൻ ഉന്നതനായ സന്മാർഗസ്ഥനും മറ്റുള്ളവർ നീചരായ ദുർമാർഗികളും എന്ന മട്ടിൽ പ്രബോധകൻ സംസാരിച്ചുകൂടാ. ആളുകളുടെ വ്യക്തിത്വവും നിലവാരവും പരമാവധി മാനിച്ചുകൊണ്ടായിരിക്കണം സമീപനം. തീരെ നിലവാരമില്ലാത്തവരായി കാണപ്പെടുന്നവരോടുപോലും ആദരപൂർവമാണ് പെരുമാറേണ്ടത്.

ഇബ്റാഹീം(അ) ആദ്യമായി പിതാവിന്റെ ശ്രദ്ധ ക്ഷണിക്കുന്നത് സ്വയം കൊത്തിയുണ്ടാക്കിയ ശിലാ വിഗ്രഹങ്ങളെ ദൈവമാക്കി പൂജിക്കുന്നതിന്റെ യുക്തിശൂന്യതയിലേക്കാണ്. ദൈവാരാധന വെറും കളിതമാശയല്ലല്ലോ. മനുഷ്യന്റെ ജീവിത സാഫല്യവുമായി ബന്ധപ്പെട്ട കാര്യമാണത്. ദൈവം തങ്ങളെ സംരക്ഷിക്കുന്നു, തങ്ങളുടെ പ്രാർഥന കേൾക്കുന്നു, ആപത്തുകളകറ്റുന്നു എന്നൊക്കെയുള്ള ബോധത്തെ ആസ്പദമാക്കിയാണ് ദൈവം ആരാധിക്കപ്പെടുന്നത്. അങ്ങ് സ്വന്തം കര

ങ്ങൾകൊണ്ട് കൊത്തിയുണ്ടാക്കിയ ശിൽപങ്ങൾക്ക് കേൾക്കാനോ കാണാനോ ഉള്ള ശക്തിയില്ല. അങ്ങേക്ക് എന്തെങ്കിലും തരത്തിൽ പ്രയോജനം ചെയ്യാനും അവക്കു കഴിവില്ലെന്ന് അങ്ങേക്കു തന്നെ അറിയാമല്ലോ. എന്നിട്ടും അങ്ങ് അവയെ ഭജിക്കുകയും പൂജിക്കുകയും ചെയ്യുന്നതിൽ എന്തു യുക്തിയാണുള്ളത്? വിഗ്രഹാരാധനയുടെ യുക്തിരാഹിത്യത്തിനുള്ള ഏറ്റവും പ്രകടവും ലളിതവുമായ തെളിവാണിത്. മൂഢന്മാർക്കും മന്ദബുദ്ധികൾക്കുംവരെ ഇത് എളുപ്പം മനസ്സിലാകും. പക്ഷേ ചെകുത്താന്റെ കിങ്കരന്മാർ വ്യാഖ്യാനക്കസർത്തുകൾ കൊണ്ട് മഹാബുദ്ധിമാന്മാരെയും വിദ്വാന്മാരെയുംവരെ അതിന്റെ മുമ്പിൽ കുമ്പിടുവിച്ച് വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്നു.

ദൈവത്തിനു പങ്കാളികളുണ്ടോ, ഇല്ലേ, ഉണ്ടെങ്കിലാരാണത് തുടങ്ങിയ പ്രശ്നങ്ങൾ കേവല നിഗമനങ്ങളെ ആസ്പദമാക്കി തീരുമാനിക്കേണ്ട കാര്യമല്ല എന്നതാണ് രണ്ടാമതായി മുന്നോട്ടുവെക്കുന്ന തത്ത്വം. മനുഷ്യൻ ദൈവത്തിൽ വിശ്വാസിക്കുന്നത് സ്വന്തം പ്രകൃതിയിലും ബുദ്ധിയിലും ചുറ്റുപാടിലുമെല്ലാം അതിനു ധാരാളം സാക്ഷ്യങ്ങളുള്ളതുകൊണ്ടാണ്. സാമാന്യ മാനുഷിക പ്രകൃതിയുള്ള ഓരോ മനുഷ്യനും ദൈവത്തിൽ വിശ്വസിക്കാൻ നിർബന്ധിതനാണ്. പക്ഷേ ആ വിശ്വാസത്തിനു വ്യക്തത വരുത്താനും നിർണിത രൂപം നൽകാനും മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനും അൽഇൽമ്-യഥാർഥ ജ്ഞാനം അനിവാര്യമാകുന്നു. അൽഇൽമ് ആവട്ടെ സാക്ഷാൽ ദൈവത്തിങ്കൽനിന്ന് ദിവ്യബോധനം വഴി ലഭിക്കേണ്ടതാകുന്നു. ഇബ്റാഹീം നബി പിതാവിനോട് താങ്കൾക്കില്ലാത്ത ഒരു ജ്ഞാനം എനിക്കു കിട്ടിയിരിക്കുന്നു എന്നുപറയുന്നതിന്റെ സാരം എന്നെ അല്ലാഹു പ്രവാചകനായി നിയോഗിച്ചിരിക്കുന്നുവെന്നും എനിക്കവൻ ദിവ്യവെളിപാട് (വഹ്യ്) നൽകുന്നുണ്ടെന്നുമാണ്. അങ്ങ് കേവലമായ ഊഹങ്ങളെയും അനുമാനങ്ങളെയും അനുധാവനം ചെയ്യാതെ എനിക്കു ലഭിച്ച ഈ ദിവ്യജ്ഞാനത്തെ പിന്തുടരേണം. ആ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ ഞാൻ അങ്ങേക്ക് നേർവഴി കാണിച്ചുതരാം. നേരിട്ട് അല്ലാഹുവിങ്കലേക്കെത്തുന്ന മാർഗമാണ് നേരായ വഴി- صراط سوِي. ഇതുതന്നെയാണ് മറ്റു സ്ഥലങ്ങളിൽ صراط مستقيم എന്നുപറഞ്ഞിട്ടുള്ളതും. നേരിട്ട് അല്ലാഹുവിങ്കലെത്തിക്കുന്ന ശരിയായ പാതയെ -صراط مستقيم നെ-തൗഹീദിന്റെ പാത എന്നും പറയാം.

മൂന്നാമതായി ഉണർത്തിയിരിക്കുന്നത് ചെകുത്താന് ഇബാദത്തു ചെയ്യുന്നതിനെതിരെയുള്ള താക്കീതാണ്. ചെകുത്താൻ മനുഷ്യനെ വഴിപിഴപ്പിക്കാൻ പ്രതിജ്ഞയെടുത്തവനാണ്. ചെകുത്താന് ഇബാദത്ത് ചെയ്യരുത് എന്നാണിവിടെ പറയുന്നത്. ആരാധന, അനുസരണം, വിധേയത്വം, ഭയഭക്തി, സ്നേഹം മുതലായ, യജമാനത്വം അടിമത്വത്തിൽ നിന്നാവശ്യപ്പെടുന്ന എല്ലാ ഭാവങ്ങളുടെയും ആത്യന്തിക രൂപത്തെ കുറിക്കുന്ന ഒരു സാങ്കേതിക പദമാണ് عبادة എന്ന് *ഖുർആൻ ബോധനം* നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ചെകുത്താനെ ചെകുത്താനെന്നറിഞ്ഞുകൊണ്ട് മനുഷ്യൻ ആരാധിക്കുന്നില്ല. എല്ലാവരും ചെകുത്താനെ ശപിക്കുന്നവരാണ്. പക്ഷേ, മനുഷ്യൻ അല്ലാഹുവല്ലാത്തവരെ, അതു വിഗ്രഹങ്ങളാവട്ടെ, സൂര്യചന്ദ്രഗ്രഹങ്ങളാവട്ടെ, ജന്തുക്കളോ മനുഷ്യരോ പുണ്യാത്മക്കളോ ഈസാ നബിയെപ്പോലുള്ള പ്രവാചകവര്യന്മാരോ ആരാവട്ടെ-ആരാധിക്കുന്നതും ചെകുത്താനുള്ള ആരാധനയാകുന്നു. ചെകുത്താന്റെ പ്രചോദനത്തിന് വഴിപ്പെട്ടുകൊണ്ടാണതു ചെയ്യുന്നത്. ചെകുത്താന്നുള്ള ഈ അനുസരണം, വഴിപ്പെടൽ അവന്നുള്ള ഇബാദത്താകുന്നു. ഒരു ശക്തിയെ അങ്ങേയറ്റം വെറുക്കുകയും ദുഷിക്കുകയും, ചെയ്യുന്നവരും അല്ലാഹുവിനെതിരിൽ ആ ശക്തിയെ അനുസരിക്കുന്നുവെങ്കിൽ അതിന്റെ അടിമകളും ആരാധകരും തന്നെയാകുന്നു. 36:60 സൂക്തത്തിൽ أَلَمْ أَعْهَدْ إِلَيْكُمْ يَـٰبَنِىٓ ءَادَمَ أَن لَّا تَعْبُدُوا۟ ٱلشَّيْطَـٰنَ "മനുഷ്യ പുത്രന്മാരേ ചെകുത്താന് ഇബാദത്ത് ചെയ്യരുതെന്ന് ഞാൻ നിങ്ങളെ ഉപദേശിച്ചിരുന്നില്ലേ" എന്നു ചോദിക്കുന്നത് ഈ വഴിപ്പെടലിനെക്കുറിച്ചാണ്. ദൈവേതരർക്കുള്ള ആരാധന ചെകുത്താനുള്ള ആരാധന തന്നെയെന്ന് സ്പഷ്ടമാക്കിക്കൊണ്ട് 4:117-ൽ പറയുന്നു: إِن يَدْعُونَ مِن دُونِهِۦٓ إِلَّآ إِنَـٰثًا وَإِن يَدْعُونَ إِلَّا شَيْطَـٰنًا مَّرِيدًا (സത്യത്തിൽ അല്ലാഹുവിനെ വെടിഞ്ഞ് അവർ ആരാധിക്കുന്നത് കേവലം അബലകളെയാകുന്നു. മുട്ടൻ ചെകുത്താനെത്തന്നെയാണവരാരാധിക്കുന്നത്). വിഗ്രഹങ്ങളെ പൂജിക്കുന്നതിലൂടെ, കരുണാവാരിധിയായ അല്ലാഹുവിനെ ധിക്കരിച്ച് മനുഷ്യന്റെ ബദ്ധവൈരിയായി വർത്തിക്കുന്ന ചെകുത്താന്റെ പ്രചോദനത്തിനു വഴിപ്പെട്ടുപോകരുത് എന്നാണ് ഇബ്റാഹീം(അ) പിതാവിനെ ഉണർത്തുന്നത്.

ഇബ്റാഹീം(അ) ഉണർത്തുന്ന മൂന്നാമത്തെ സംഗതി ഇതാണ്: ചെകുത്താന്റെ വലയിൽപെട്ടുപോയതിനും അല്ലാഹുവിനെ വെടിഞ്ഞ് മിഥ്യാ ദൈവങ്ങളെ പൂജിക്കുന്നതിനും അങ്ങേക്ക് ഇതുവരെ ഒരു ന്യായമുണ്ടായിരുന്നു; അല്ലാഹുവിങ്കൽനിന്നുള്ള സന്മാർഗദർശനമൊന്നും ലഭിച്ചിരുന്നില്ല എന്ന്. എന്നാൽ ഇപ്പോഴിതാ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, സന്മാർഗ ജ്ഞാനവുമായി ഞാൻ അങ്ങയുടെ മുന്നിൽ വന്നതോടെ ആ ന്യായം ഇല്ലാതായിരിക്കുന്നു. അങ്ങ് ഇനിയും അസത്യത്തിൽ ശഠിച്ചു നിൽക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ശിക്ഷക്കിരയാകുമെന്ന്, അഥവാ ചെകുത്താന്റെ കൂട്ടാളിയായിത്തീർന്ന് അവന്നും കൂട്ടാളികൾക്കും വിധിക്കപ്പെട്ട പരിണതിയിലകപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നു.

**46.** മകന്റെ തത്ത്വോപദേശങ്ങളൊന്നും ആ പിതാവിനെ തെല്ലും ആകർഷിച്ചില്ല. താൻ ആരാധിക്കുകയും പൗരോഹിത്യം വഹിക്കുകയും ചെയ്യുന്ന പാരമ്പര്യ ദൈവങ്ങളെ ചോദ്യം ചെയ്യാൻ തന്റെ മകൻ തന്നെ മുതിർന്നതിൽ അദ്ദേഹം കോപിഷ്ഠനായി. ആങ്..ഹാ! നീ എന്റെ ദൈവങ്ങളെ തൊട്ടു കളിക്കുന്നുവോ?! വേണ്ട അക്കളി നിർത്തിക്കോ. ഇല്ലെങ്കിൽ നിന്നെ ഇനി ഇവിടെ കണ്ടുപോകരുത്. എന്നെന്നേക്കുമായി എന്നെ വിട്ടുപൊയ്ക്കൊള്ളണം. راغب എന്നത് رغب യുടെ കർതൃപദമാണ്. അതിന്റെ അർഥം അന്നിസാഅ് 127-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. مليّ ആയുഷ്ക്കാലവും ദീർഘകാലവുമാണ്. പൊയ്ക്കോ, ഇനിയൊരിക്കലും എനിക്കു നിന്നെ കാണണ്ട എന്നാണ് وَٱهْجُرْنِى مَلِيًّا എന്ന വാക്യത്തിന്റെ താൽപര്യം. പഴയ ഗോത്ര വ്യവസ്ഥയിൽ യജമാനന്മാർക്ക് അടിമകളിലും പിതാക്കൾക്ക് മക്കളിലും അനിയന്ത്രിതമായ അധികാരവും സ്വാതന്ത്ര്യവുമുണ്ടായിരുന്നു. അവരെ കൊന്നാലും നാടു

കടത്തിയാലുമൊന്നും ആരും ചോദിക്കാനുണ്ടായിരുന്നില്ല. رجيم ൽ നിന്നുള്ളതാണ് ارجمنك. എറിഞ്ഞോടിക്കുന്നതിനും കല്ലെറിഞ്ഞു കൊല്ലുന്നതിനും ഈ പദം ഉപയോഗിക്കും. ഉടൻ സ്ഥലം വിട്ടില്ലെങ്കിൽ കല്ലെറിഞ്ഞ് കൊല്ലുകയോ ഓടിക്കുകയോ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയാണാ പിതാവ്.

**47.** سلام عليك ഒരു യാത്രാമൊഴിയാണ്. 'പൊയ്ക്കൊള്ളാം, ഇനി ബുദ്ധിമുട്ടിക്കുന്നില്ല അങ്ങേക്ക് നല്ലതുവരട്ടെ' എന്നു സാരം. കണ്ടുമുട്ടുമ്പോഴെന്നപോലെ തമ്മിൽ പരിയുമ്പോഴും-അതു തെറ്റിപ്പിരിയലാണെങ്കിൽപോലും-സമാധാനമാശംസിക്കുക സുജന മര്യാദയാണ്. അവിവേകികൾ സംസാരിക്കാൻ വന്നാൽ സലാം പറഞ്ഞു പിന്മാറുകയാണ്-യഥാർഥ ദൈവദാസന്മാരുടെ സ്വഭാവമെന്ന് وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ قَالُوا۟ سَلَٰمًا -25:63 ൽ പ്രസ്താവിച്ചിരിക്കുന്നു. 28:55 ൽ പറയുന്നതിങ്ങനെയാണ്:

وَإِذَا سَمِعُوا۟ ٱللَّغْوَ أَعْرَضُوا۟ عَنْهُ وَقَالُوا۟ لَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْ سَلَٰمٌ
عَلَيْكُمْ لَا نَبْتَغِى ٱلْجَٰهِلِينَ

(അവർ കെട്ട വർത്തമാനങ്ങൾ കേട്ടാൽ അകന്നു മാറുന്നു. അവരോടു പറയും: ഞങ്ങൾക്ക് ഞങ്ങളുടെ ജോലി നിങ്ങൾക്കു നിങ്ങളുടെ ജോലിയും. നിങ്ങൾക്കു സലാം. വിവേകശൂന്യരിൽ ഞങ്ങൾക്കു താൽപര്യമില്ല).

ഇബ്റാഹീം നബി വിഗ്രഹാരാധകനായ പിതാവിന് സലാം ചൊല്ലിയത് അവിശ്വാസികളെ സലാം കൊണ്ടഭിവാദ്യം ചെയ്യാമെന്നതിന്ന് തെളിവാകുന്നു. അവിശ്വാസികളെ കണ്ടുമുട്ടുമ്പോൾ ആദ്യം സലാം പറയുന്നത് വിശ്വാസിയാകരുത് എന്നാണ് വലിയൊരു വിഭാഗം പണ്ഡിതന്മാരുടെ പക്ഷം. അവർ അഭിവാദ്യം ചെയ്താൽ പ്രത്യഭിവാദ്യം ചെയ്യാം. "യഹൂദന്മാർക്കും നസ്രായർക്കും നിങ്ങൾ സലാം കൊണ്ടു തുടങ്ങേണ്ട" എന്ന് പ്രവാചകൻ പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുള്ള നിവേദനമാണതിനു പ്രമാണം. അവിശ്വാസികൾക്ക് സലാം പറയുന്നതും, സലാം തുടങ്ങുന്നതും മുസ്ലിമിന്ന് അനുവദനീയമാണെന്ന് മറ്റൊരു വിഭാഗം പണ്ഡിതന്മാർ വിധിച്ചിരിക്കുന്നു. സൂറഃ അൽമുംതഹിനയിലെ 8-ാം സൂക്തമാണവരുടെ മുഖ്യപ്രമാണം:

لَّا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ لَمْ يُقَٰتِلُوكُمْ فِى ٱلدِّينِ وَلَمْ
يُخْرِجُوكُم مِّن دِيَٰرِكُمْ أَن تَبَرُّوهُمْ وَتُقْسِطُوٓا۟ إِلَيْهِمْ ۚ إِنَّ ٱللَّهَ يُحِبُّ
ٱلْمُقْسِطِينَ ﴿٨﴾

"മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളെ വീടുകളിൽനിന്ന് ആട്ടിയോടിച്ചിട്ടില്ലാത്തവരുമായ ആളുകളോട് നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു വിലക്കുന്നില്ല. തീർച്ചയായും നീതിമാന്മാരെ അല്ലാഹു സ്നേഹിക്കുന്നു." മുസ്ലിംകളും മുശ്രിക്കുകളും യഹൂദരും ഉൾപ്പെട്ട ഒരു സദസ്സിന് നബി(സ) സലാം പറഞ്ഞതായി പ്രബലമായ ഹദീഥ് ഉണ്ട്. ഇബ്നു മസ്ഊദ്, അബൂഉമാമ, സുഫ്യാൻ ബിൻ ഉയൈനഃ എന്നിവരുൾപ്പെടെ നിരവധി പൂർവസൂരികൾ അവിശ്വാസികൾക്ക് സലാം ചൊല്ലാറുണ്ടായിരുന്നതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അത് സഹവർത്തിത്വത്തിന്റെ ബാധ്യത-حق الصحبة-ആണെന്നാണ് ഇബ്നു മസ്ഊദ് പറഞ്ഞത്. മുസ്ലിം അമുസ്ലിം ഭേദമെന്യെ മുതിർന്നവർക്കും കുട്ടികൾക്കുമെല്ലാം സലാം ചൊല്ലിയിരുന്ന അബൂഉമാമയോട് അതെപ്പറ്റി ചോദിച്ചപ്പോൾ പറഞ്ഞു. "സലാം പ്രചരിപ്പിക്കാൻ നാം കൽപ്പിക്കപ്പെട്ടിരിക്കുന്നു." സത്യനിഷേധിയോട് സലാം ചൊല്ലുന്നതിനെക്കുറിച്ച് അന്വേഷിച്ചയാളോട് ഇമാം ഔസാഇ പറഞ്ഞു: "നിങ്ങൾ സലാം ചൊല്ലിയെങ്കിൽ നിങ്ങൾക്കുമുമ്പ് എത്രയോ സജ്ജനങ്ങൾ സലാം ചൊല്ലിയിട്ടുണ്ട്. നിങ്ങൾ അത് വർജിച്ചുവെങ്കിൽ നിങ്ങൾക്കു മുമ്പ് എത്രയോ സജ്ജനങ്ങൾ വർജിച്ചിട്ടുമുണ്ട്."

سَأَسْتَغْفِرُ لَكَ എന്ന വാക്യത്തിന് രണ്ടു മാനങ്ങളുണ്ട്. ഒന്ന്, ബഹുദൈവവിശ്വാസത്തിൽ നിന്നും തജ്ജന്യമായ അനാചാരങ്ങളിൽനിന്നും ശുദ്ധീകരിച്ച് അങ്ങയെ സന്മാർഗസ്ഥനാക്കാൻ പ്രാർഥിക്കാം. രണ്ട്, ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും അല്ലാഹു പൊറുത്തു തന്ന് അങ്ങയെ സ്വർഗസ്ഥനാക്കാൻ പ്രാർഥിക്കാം. ഒന്നാമത്തെ അർഥത്തിലുള്ള استغفار-പ്രാർഥന സത്യനിഷേധികൾക്കും ബഹുദൈവാരാധകർക്കുംവേണ്ടി ചെയ്യാവുന്നതും ചെയ്യേണ്ടതുമാണ്. രണ്ടാമത്തെ അർഥത്തിലുള്ള استغفار ദൈവനിഷേധിയോ വിഗ്രഹാരാധകനോ ആയി മരിച്ചുപോയവർക്കുവേണ്ടി ചെയ്യുന്നത് ഖുർആൻ വിലക്കിയിരിക്കുന്നു:

مَا كَانَ لِلنَّبِىِّ وَٱلَّذِينَ ءَامَنُوٓا۟ أَن يَسْتَغْفِرُوا۟ لِلْمُشْرِكِينَ وَلَوْ كَانُوٓا۟ أُو۟لِى
قُرْبَىٰ مِنۢ بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَٰبُ ٱلْجَحِيمِ ﴿١١٣﴾

(ബഹുദൈവാരാധകരുടെ പാപമോചനാർഥം പ്രാർഥിക്കുക പ്രവാചകനും സത്യവിശ്വാസികൾക്കും ഭൂഷണമല്ല തന്നെ. അവർ ഉറ്റബന്ധുക്കളായിരുന്നാലും ശരി; അവർ നരകാവകാശികളാണെന്നു വ്യക്തമായിക്കഴിഞ്ഞിരിക്കെ-9:113).

ഇബ്റാഹീം നബി പിതാവിന്റെ പാപമുക്തിക്കായി പ്രാർഥിച്ചത് 26:86-ാം സൂക്തം ഉദ്ധരിക്കുന്നുണ്ട്. അത് അദ്ദേഹം ജീവിച്ചിരുന്ന കാലത്താവാം. എന്നാൽ 14:41-ാം സൂക്തം ഉദ്ധരിക്കുന്ന رَبَّنَا ٱغْفِرْ لِى وَلِوَٰلِدَىَّ وَلِلْمُؤْمِنِينَ എന്ന പ്രാർഥന നടത്തിയത് പുത്രൻ ഇസ്മാഈലിനോടൊപ്പം കഅബ നിർമിച്ച ശേഷമാണ്. അന്ന് ഇബ്റാഹീം നബിയുടെ പിതാവ് ജീവിച്ചിരിക്കാനിടയില്ല. പിതാവിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രാർഥനയെക്കുറിച്ച് അത്തൗബ 114-ാം സൂക്തം പറയുന്നു:

وَمَا كَانَ ٱسْتِغْفَارُ إِبْرَٰهِيمَ لِأَبِيهِ إِلَّا عَن مَّوْعِدَةٍ وَعَدَهَآ إِيَّاهُ
فَلَمَّا تَبَيَّنَ لَهُۥٓ أَنَّهُۥ عَدُوٌّ لِّلَّهِ تَبَرَّأَ مِنْهُ ۚ إِنَّ إِبْرَٰهِيمَ لَأَوَّٰهٌ حَلِيمٌ ﴿١١٤﴾

"എന്നാൽ ഇബ്റാഹീം തന്റെ പിതാവിനുവേണ്ടി പാപമോചനം തേടിയതോ, അദ്ദേഹം പിതാവിനോട് ചെയ്തിട്ടുണ്ടായിരുന്ന ഒരു പ്രതിജ്ഞ പാലിക്കാൻവേണ്ടി മാത്രമായിരുന്നു. പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്ന് തെളിഞ്ഞു കഴിഞ്ഞപ്പോൾ ഇബ്റാഹീം അയാളെ പരിത്യജിച്ചു. ഇബ്റാഹീം ഏറെ അലിവുള്ളവനും സഹനശീലനും തന്നെയായിരുന്നു."

إِنَّهُۥ كَانَ بِى حَفِيًّا എന്ന വാക്യത്തെ 'അവൻ എന്നോട് ഏറെ കനിവുള്ളവനാകുന്നു' എന്നാണ് തർജമ ചെയ്തിരിക്കുന്നത്. കനിവും ഔദാര്യവുമുള്ളവൻ എന്നും സൂക്ഷ്മമായ അറിവുള്ളവൻ എന്നും حفي ന്ന് അർഥമുണ്ട്. രണ്ടാമത്തെ അർഥത്തിലെടുത്താൽ അല്ലാഹു എന്റെ ആഗ്രഹങ്ങളും താൽപര്യങ്ങളും സൂക്ഷ്മമായി അറിഞ്ഞു പ്രവർത്തിക്കുന്നുവെന്നാകും ആശയം. ■